വൈ.2/25337/2012/ഡിപിഐ

പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റ്,
തിരുവനന്തപുരം, തീയതി, 30.10.2012.

## സർക്കുലർ

വിഷയം:- സംസ്ഥാന സ്കൂൾ കലോത്സവം - മാനുവൽ പരിഷ്ക്കരിച്ച് കൊണ്ടുള്ള ഉത്തരവ് - സംബന്ധിച്ച്

സൂചന:- സ.ഉ.(എം.എസ്.)നം.338/12/പൊ.വി. തീയതി, 18.10.12.

സൂചന സർക്കാർ ഉത്തരവ് പ്രകാരം സംസ്ഥാന സ്കൂൾ കലോത്സവത്തിന്റെ മാനുവൽ പരിഷ്കരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അതിൻ പ്രകാരം മാനുവലിൽ താഴെപ്പറയുന്ന രീതിയിലുള്ള മാറ്റങ്ങൾ വരുത്തി 2012-13 വർഷത്തെ കലോത്സവം മുതൽ നടത്തേണ്ടതാണ്.

## പുതിയതായി ചേർത്ത ഇനങ്ങൾ

1 ചവിട്ടുനാടകം, വഞ്ചിപ്പാട്ട്, നങ്ങ്യാർകൂത്ത്, നാടൻപ്പാട്ട്, അറബി പ്രസംഗം (ഹയർ സെക്കണ്ടറി) ഉറുദു വിഭാഗത്തിൽ കവിതാരചന, ക്വിസ്സ്, സംഘഗാനം, ഗസൽ ആലാപനം, പ്രസംഗം.

## മാനുവലിൽ കൂട്ടിചേർത്ത ഇനങ്ങളും മാറ്റങ്ങളും

### കാറ്റഗറി - 2 (അപ്പർ പ്രൈമറി)

### അദ്ധ്യായം - 3

| | |
|---|---|
| ക്രമ നം. 25 കവിതാരചന - ഉറുദു | 120 മിനിറ്റ് |
| ക്രമ നം. 26 - ക്വിസ് (ഉറുദു) | സമയം വിധികർത്താക്കൾ നിശ്ചയിക്കും. |
| ക്രമ നം. 27 സംഘഗാനം 7 പേർ | 10 മിനിറ്റ് |
| ക്രമ നം. 28 തിരുവാതിര 10 പേർ | 10 മിനിറ്റ് |
| ക്രമ നം. 29 ഒപ്പന 10 പേർ | 10 മിനിറ്റ് |
| ക്രമ നം. 30 സംഘനൃത്തം 7 പേർ | 10 മിനിറ്റ് |
| ക്രമ നം. 31 ദേശഭക്തിഗാനം 7 പേർ | 5 മിനിറ്റ് |
| ക്രമ നം. 32 നാടകം 7 +3 (പിന്നണി) | 30 മിനിറ്റ് |
| ക്രമ നം. 33 സംഘഗാനം (ഉറുദു) 7 പേർ | 10 മിനിറ്റ് |

3.05 1 മുതൽ 26 വരെയുള്ള ഇനങ്ങളിൽ എ ഗ്രേഡോടെ ടോപ് സ്കോർ നേടിയ 13 ഇനങ്ങളും 27 മുതൽ 33 വരെയുള്ള ഗ്രൂപ്പിനങ്ങളിൽ ടോപ്പ് സ്കോർ നേടിയ 3 ഗ്രൂപ്പിനങ്ങളും ഉപജില്ലാ മത്സരത്തിന് അയയ്ക്കാവുന്നതാണ്.

**കാറ്റഗറി – III ഹൈസ്കൂൾ വിഭാഗം**

**അദ്ധ്യായം – 4**

**വിഭാഗം – 2**

(5) ഉറുദ്ദു ഗസൽ ആലാപനം – 10 മിനിറ്റ് പൊതുമത്സരം

ഈ വിഭാഗത്തിൻ നിന്നും (എ ഗ്രേഡോടെ ടോപ് സ്കോർ നേടിയ 3 ഇനം (മൂന്ന് കുട്ടികൾ) അടുത്ത ഘട്ടത്തിൽ പങ്കെടുക്കാൻ അർഹതയുണ്ട്)

**കാറ്റഗറി – III**

**വിഭാഗം – 5**

(8) നങ്ങ്യാർകൂത്ത് (പെൺ) – 20 മിനിറ്റ്

ഈ വിഭാഗത്തിൽ നിന്നും ( എ ഗ്രേഡോടെ ടോപ് സ്കോർ നേടിയ 4 ഇനം (4 കുട്ടികൾ) അടുത്ത ഘട്ടത്തിൽ പങ്കെടുക്കാൻ അർഹതയുണ്ട്)

**കാറ്റഗറി – III**

**വിഭാഗം – 7**

(14) പ്രസംഗം ഉറുദ്ദു – 5 മിനിറ്റ് പൊതുമത്സരം

**കാറ്റഗറി – III**

**വിഭാഗം – 14**

| | | |
|---|---|---|
| 1 | ചവിട്ടുനാടകം (10 പേർ) | 20 മിനിറ്റ് പൊതുമത്സരം |
| 2 | വഞ്ചിപ്പാട്ട് (10 പേർ) | 10 മിനിറ്റ് പൊതുമത്സരം |
| 3 | നാടൻപാട്ട് ( 7 പേർ) | 10 മിനിറ്റ് പൊതുമത്സരം |
| 4 | സംഘഗാനം (ഉറുദ്ദു) ( 7 പേർ) | 10 മിനിറ്റ് പൊതുമത്സരം |

ഈ വിഭാഗത്തിൽ നിന്നും (എ ഗ്രേഡോടെ ടോപ് സ്കോർ നേടിയ 2 ഗ്രൂപ്പ് അടുത്ത ഘട്ടത്തിൽ പങ്കെടുക്കാൻ അർഹതയുണ്ട്)

അദ്ധ്യായം – 5

കാറ്റഗറി – 4 – (ഹയർ സെക്കന്ററി/വൊക്കേഷണൽ ഹയർ സെക്കന്ററി വിഭാഗം)

വിഭാഗം – 2

(9) ഗസൽ ആലാപനം (ഉറുദു) – 10 മിനിറ്റ് പൊതുമത്സരം

(ഈ വിഭാഗത്തിൽ നിന്നും എ ഗ്രേഡോടെ ടോപ് സ്കോർ നേടിയ 3 ഇനം (3 കുട്ടികൾ) അടുത്ത ഘട്ടത്തിൽ പങ്കെടുക്കാൻ അർഹതയുണ്ട്.)

കാറ്റഗറി – IV

വിഭാഗം – 4

(14) നങ്ങ്യാർകൂത്ത് (പെൺ) 20 മിനിറ്റ്

(ഈ വിഭാഗത്തിൽ നിന്നും എ ഗ്രേഡോടെ ടോപ് സ്കോർ നേടിയ 6 ഇനം (6 കുട്ടികൾ) അടുത്ത ഘട്ടത്തിൽ പങ്കെടുക്കാൻ അർഹതയുണ്ട്).

കാറ്റഗറി – IV

വിഭാഗം – 5

| | |
|---|---|
| (24) പ്രസംഗം (അറബി) | 5 മിനിറ്റ് പൊതുമത്സരം |
| (25) ക്വിസ് (ഉറുദു) | സമയം വിധികർത്താക്കൾ നിശ്ചയിക്കും<br>പൊതുമത്സരം |

ഈ വിഭാഗത്തിൽ നിന്നും എ ഗ്രേഡോടെ ടോപ് സ്കോർ നേടിയ 7 ഇനം (7 കുട്ടികൾ) അടുത്ത ഘട്ടത്തിൽ പങ്കെടുക്കാൻ അർഹതയുണ്ട്.

കാറ്റഗറി – IV

വിഭാഗം – 12

| | | |
|---|---|---|
| 1 | ചവിട്ടു നാടകം 10 പേർ | 20 മിനിറ്റ് പൊതുമത്സരം |
| 2 | വഞ്ചിപ്പാട്ട് 10 പേർ | 10 മിനിറ്റ് പൊതുമത്സരം |
| 3 | നാടൻപാട്ട് 7 പേർ | 10 മിനിറ്റ് പൊതുമത്സരം |

ഈ വിഭാഗത്തിൽ നിന്നും എ ഗ്രേഡോടെ ടോപ് സ്കോർ നേടിയ 2 ഗ്രൂപ്പുകൾക്ക് അടുത്ത ഘട്ടത്തിൽ പങ്കെടുക്കാൻ അർഹതയുണ്ട്.

## എ. അപ്പീൽ ഫീസ്

1. അപ്പീൽ ഫീസ്_താഴെപ്പറയുന്ന രീതിയിൽ വർദ്ധിപ്പിച്ചിരിക്കുന്നു.

| | |
|---|---|
| സ്കൂൾ | - മാറ്റമില്ല |
| ഉപജില്ല | - 1000/- |
| ജില്ല | - 2500/- |
| സംസ്ഥാനം | - 5000/- |

2. അപ്പീലുകളിൽ തീർപ്പു കൽപിക്കുന്നതിന് സബ്ജില്ലാതലം മുതൽ വീഡിയോ റിക്കാർഡിംഗ് സഹായത്തോടെ ആയിരിക്കണം. വീഡിയോ റിക്കാർഡിംഗിന് ടെണ്ടർ ക്ഷണിക്കേണ്ടതാണ്.
3. അപ്പീൽ തീരുമാന ഉത്തരവുകൾ 2 ദിവസത്തിനകം നൽകണം.
4. വിധി നിർണ്ണയത്തിൽ അപാകത വരുത്തുന്ന വിധികർത്താക്കളെ കരുംപട്ടികയിൽ ഉൾപ്പെടുത്തണം.

## ബി. വിധികർത്താക്കളുടെ നിയമനം

1. സ്കൂൾതലം:- ഹെഡ്മാസ്റ്റർ/പ്രിൻസിപ്പാൾ നിയമിക്കേണ്ടതാണ്. സ്കൂൾതല മത്സരത്തെക്കുറിച്ച് കുട്ടികൾക്ക് മുൻകുട്ടി അറിയിപ്പു കൊടുക്കണം.
2. സബ്ജില്ല:- എ.ഇ.ഒ.മാർ, ഡി.ഡി.ഇ.മാർ തയ്യാറാക്കുന്ന പാനലിൽ നിന്നും വിധികർത്താക്കളെ നിയമിക്കണം.
3. ജില്ലാതലം:- സബ്ജില്ല, റവന്യു ജില്ലകളുടെ പാനൽ തയ്യാറാക്കി ഒരു മാസം മുൻപ് ഡി.പി.ഐ.യുടെ അംഗീകാരം വാങ്ങിക്കേണ്ടതാണ്.

വിധികർത്താക്കളുടെ പേരുവിവരവും യോഗ്യതയും ഉപജില്ലാതലം മുതൽ മത്സരം തുടങ്ങുന്നതിന് മുമ്പ് സ്റ്റേജിൽ അനൗൺസ് ചെയ്യേണ്ടതാണ്.

## സി. മത്സരങ്ങളുടെ സമയക്രമീകരണം

| | |
|---|---|
| സ്കൂൾതലം | - സെപ്റ്റംബർ |
| സബ്ജില്ല | - ഒക്ടോബർ |
| ജില്ലാതലം | - നവംബർ |

1. തിരുവനന്തപുരം, കോഴിക്കോട്, കോട്ടയം, പാലക്കാട്, തൃശ്ശൂർ - നവംബർ 1 മുതൽ 10 വരെ
2. കാസർഗോഡ്, വയനാട്, ഇടുക്കി, ആലപ്പുഴ - നവംബർ 11 മുതൽ 20 വരെ
3. കണ്ണൂർ, മലപ്പുറം, എറണാകുളം, പത്തനംതിട്ട, കൊല്ലം - നവംബർ 21 മുതൽ 30 വരെ

സംസ്ഥാനതലം-ജനുവരി (ആദ്യ വാരം)

## ഡി. ഗ്രേസ് മാർക്ക്

+1, +2 ക്ലാസ്സുകളിൽ പഠിക്കുമ്പോൾ കലോത്സവങ്ങളിൽ പങ്കെടുത്ത് ഗ്രേസ് മാർക്കിന് അർഹത നേടുന്ന വിദ്യാർത്ഥികൾക്ക് +1 ന് നേടുന്ന ഗ്രേസ് മാർക്ക് ആ വർഷത്തെ പൊതുപരീക്ഷയ്ക്കും +2 ന് നേടുന്ന ഗ്രേസ് മാർക്ക് 2–ാം വർഷത്തെ പൊതുപരീക്ഷക്കും മാത്രമേ അനുവദിക്കുകയുള്ളു. +1 ന് നേടുന്ന ഗ്രേസ് മാർക്ക് +2 പരീക്ഷക്ക് അനുവദിക്കുന്നതല്ല.

## നിബന്ധനകൾ

### നാടൻപാട്ട്

| | |
|---|---|
| 1 | പാട്ടിന്റെ പാരമ്പര്യം സ്റ്റേജിൽ പറയണം. |
| 2 | വാമൊഴിയായി കിട്ടിയ പാട്ടുകൾ മാത്രമേ ഉപയോഗിക്കാവൂ. അനുഷ്ഠാനപ്പാട്ടുകൾ, ഉത്സവപ്പാട്ടുകൾ, കൃഷിപ്പാട്ടുകൾ, കളിപ്പാട്ടുകൾ |
| 3 | പ്രാദേശികമായ തനതു വാദ്യോപകരണങ്ങൾ കുട്ടികൾ തന്നെ ഉപയോഗിക്കണം |
| 4 | പിന്നണി പാടില്ല |
| 5 | ഇലക്ട്രോണിക് ഉപകരണങ്ങളോ കരാക്കോ സി.ഡി. സംവിധാനങ്ങളോ ഉപയോഗിക്കാൻ പാടില്ല |
| 6 | വേഷ സംവിധാനങ്ങൾ മൂല്യനിർണ്ണയത്തിന് പരിഗണിക്കുന്നതല്ല. |

### വഞ്ചിപ്പാട്ട്

10 പേരിൽ ഒരാൾ താളക്കാരൻ. ഒരാൾ മുഖ്യ പാട്ടുകാരൻ (തലപ്പാട്ട്). 8 പേർ ഏറ്റുപാടും.

വെച്ചുപ്പാട്ട്, കുട്ടനാടൻ ശൈലി, ആറന്മുള ശൈലി എന്നിവയിൽ ഏതു വേണമെങ്കിലും അവതരിപ്പിക്കാം. ഏതു ശൈലി എന്നത് മത്സരാർത്ഥികൾ മത്സരത്തിനുമുമ്പ് വേദിയിൽ അറിയിക്കണം.

### നങ്ങ്യാർക്കൂത്ത്

പക്കമേളം – മിഴാവ് – 2

ഇടയ്ക്ക – 1

താളം – 1

ആകെ 4 പേർ പിന്നണിയിൽ

(പിന്നണിയിൽ കുട്ടികൾ തന്നെ ആവണമെന്ന് നിർബന്ധമില്ല)

### ചവിട്ടു നാടകം

മത്സരത്തിന് സി.ഡി. മാത്രമേ ഉപയോഗിക്കാവൂ

## ഉറുദ്ദു ഗസൽ ആലാപനം

ഉറുദ്ദു ഗസൽ മനപ്പാഠമായിരിക്കണം. സംഗീത ഉപകരണങ്ങളും പിന്നണിയും പാടില്ല. മുഖവുര ഉറുദ്ദു ഭാഷയിൽ ഒന്നോ രണ്ടോ വാക്യങ്ങളിൽ അവതരിപ്പിക്കാവുന്നതാണ്.

## ഉറുദ്ദു സംഘഗാനം

വസ്ത്രാലങ്കാരത്തിന് പ്രത്യേക മാർക്ക് നൽകേണ്ടതില്ല. പിന്നണിയോ സംഗീത ഉപകരണങ്ങളോ ആവശ്യമില്ല.

## ഉറുദ്ദു ക്വിസ് യു.പി.

പ്രൈമറി പാഠപുസ്തകത്തിൽ നിന്നും 50% ചോദ്യങ്ങൾ

സാഹിത്യം യു.പി. നിലവാരം 25%

പൊതുവിജ്ഞാനം ഉറുദ്ദു ബന്ധിതം 25%

## ഉറുദ്ദു ക്വിസ് ഹയർ സെക്കണ്ടറി

ഉറുദ്ദു സാഹിത്യം 50%

ഉറുദ്ദു ഭാഷാശാസ്ത്രം, ഭാഷാ ചരിത്രം 25%

ഉറുദ്ദു പൊതുവിജ്ഞാനം 25%

(മേൽ നിബന്ധനകൾ വച്ചുവേണം ക്വിസ് മത്സരത്തിന് ചോദ്യം തയ്യാറാക്കാൻ)

## മൂല്യനിർണ്ണയോപാധികൾ

### നാടൻപ്പാട്ട്

(എ) സാഹിത്യം – 20 മാർക്ക്

(ബി) താളം, ഈണം – 20 മാർക്ക്

(സി) ഉച്ചാരണം – 20 മാർക്ക്

(ഡി) ഏറ്റുപാട്ടുകാരുടെ യോജിപ്പ് – 20 മാർക്ക്

(ഇ) ഉപകരണം – 20 മാർക്ക്

### വഞ്ചിപ്പാട്ട്

(എ) താളം – 20 മാർക്ക്

(ബി) ശ്രുതി – 20 മാർക്ക്

(സി) പാട്ടുകാരുടെ ഒന്നിച്ചുള്ള ലയം – 20 മാർക്ക്

(ഡി) ഭാഷാശുദ്ധി – 20 മാർക്ക്

(ഇ) വായ്ത്താരി – 20 മാർക്ക്

## നങ്ങ്യാർക്കൂത്ത്

| | | |
|---|---|---|
| (എ) വേഷഭംഗി | – | 20 മാർക്ക് |
| (ബി) ശരീരസംസ്കാരം | – | 20 മാർക്ക് |
| (സി) മുദ്ര | – | 20 മാർക്ക് |
| (ഡി) രസപുഷ്ടി | – | 20 മാർക്ക് |
| (ഇ) രംഗാവതരണം | – | 10 മാർക്ക് |
| (എഫ്) താളബോധം | – | 10 മാർക്ക് |

## ചവിട്ടു നാടകം

| | | |
|---|---|---|
| (എ) ചുവട് | – | 30 മാർക്ക് |
| (ബി) പാട്ട്, താളം | – | 20 മാർക്ക് |
| (സി) വേഷം | – | 20 മാർക്ക് |
| (ഡി) അഭിനയം | – | 15 മാർക്ക് |
| (ഇ) അവതരണം | – | 15 മാർക്ക് |

## ഉറുദ്ദു ഗസൽ ആലാപനം

| | | |
|---|---|---|
| സാഹിത്യം (ഉറുദ്ദു) | – | 20 മാർക്ക് |
| ഉച്ചാരണശുദ്ധി | – | 15 മാർക്ക് |
| അവതരണഭംഗി | – | 15 മാർക്ക് |
| ശ്രുതി | – | 15 മാർക്ക് |
| ലയം | – | 15 മാർക്ക് |
| താളം | – | 10 മാർക്ക് |
| ഭാവം (ആശയഗ്രഹണം) | – | 10 മാർക്ക് |

## ഉറുദ്ദു സംഘഗാനം

| | | |
|---|---|---|
| ശ്രുതി | – | 25 മാർക്ക് |
| സ്വരചേർച്ച | – | 25 മാർക്ക് |
| ലയം | – | 25 മാർക്ക് |
| താളം | – | 25 മാർക്ക് |

ഉറുദ്ദു (കവിതാ രചന)

| | |
|---|---|
| വിഷയബന്ധിതം | – 25 മാർക്ക് |
| ഭാഷ (കാവ്യഭംഗി) | – 25 മാർക്ക് |
| രചന വൈഭവം | – 25 മാർക്ക് |
| താളഭംഗി | – 25 മാർക്ക് |

പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ (ജനറൽ).

പൊതുവിദ്യാഭ്യാസ സെക്രട്ടറി (with C/L).
പൊതുവിദ്യാഭ്യാസ ഡയറക്ടർ (സി.എ. മുഖാന്തിരം).
ഹയർ സെക്കണ്ടറി ഡയറക്ടർ (with C/L).
വൊക്കേഷണൽ ഹയർ സെക്കണ്ടറി ഡയറക്ടർ (with C/L).
എക്സിക്യൂട്ടീവ് ഡയറക്ടർ ഐ.റ്റി @ സ്കൂൾ, തിരുവനന്തപുരം.
അഡീഷണൽ പൊതുവിദ്യാഭ്യാസ ഡയറക്ടർ (ജനറൽ) (സി.എ. മുഖാന്തിരം).
അഡീഷണൽ പൊതുവിദ്യാഭ്യാസ ഡയറക്ടർ (അക്കാദമിക്) (സി.എ.മുഖാന്തിരം).
എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർ.
എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ.
എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ.
കരുതൽ ഫയൽ.